LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

2015 ജൂൺ 8, തിങ്കൾ

വാല്യം 159] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 1

പതിമൂന്നാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനം 2015 ജൂൺ മാസം 8-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ ദേശീയ ഗാനാലാപനത്തോടുകൂടി നിയമസഭാ ഹാളിൽ ആരംഭിച്ചു

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ..... ഓർഡർ..... *1, *16 എന്നീ നമ്പർ ചോദ്യങ്ങൾ ക്ലബ് ചെയ്ത് എടുക്കാവുന്നതാണ്.

(പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റുകളിൽനിന്നും എണീറ്റ് പ്ലക്കാർഡുകൾ ഉയർത്തിപ്പിടിച്ച് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു.)

വിഴിഞ്ഞം തുറമുഖ പദ്ധതി

1 (*1) ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ പ്രവർത്തനം ഏതുവരെയായി ;

(ബി) പദ്ധതിയുമായി ബന്ധപ്പെട്ട് സർക്കാർ സർവ്വകക്ഷിയോഗം വിളിച്ചത് എന്നാണ് ;

(സി) പ്രസ്തുത യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : സർ,

(എ-സി) വിഴിഞ്ഞം ഉറമുഖ പദ്ധതി നടപ്പിലാക്കുന്നതിന് കൺസഷനയറെ തെരഞ്ഞെടുക്കുന്നതിനായി 2010-ൽ ലാന്റ് ലോർഡ് മാതൃകയിൽ പി.പി.പി. ഘടകങ്ങളോടെ വിളിച്ച ടെണ്ടർ 2012-ൽ വിജയം കാണാത്തതിനെ തുടർന്ന് ..... (ബഹളം)..... (ബഹളം).....

മി. സ്പീക്കർ : പ്ലീസ്.... എന്താണ് ?

ശ്രീ. എ. കെ. ബാലൻ : സർ, ചട്ടവിരുദ്ധമാണെന്ന് പറഞ്ഞുകൊണ്ടാണ് അങ്ങയുടെ ഓഫീസിൽനിന്ന് നോട്ടീസ് വന്നത്. ചട്ടവിരുദ്ധമായി ഞങ്ങൾ ഒന്നും ചോദിച്ചിട്ടില്ല. ചോദ്യങ്ങൾ ചോദിക്കാനുള്ള അധികാരം ഒരു മെമ്പറിനുള്ള അവകാശമാണ്. അത് റിജക്ട് ചെയ്യുക എന്നു പറയുന്നത് ചട്ടത്തിന് വിരുദ്ധമാണ്. ബഹുമാനപ്പെട്ട സ്പീക്കർ ആ ചെയറിൽ ഇരുന്നുകൊണ്ട് ചട്ടവിരുദ്ധമായി കാര്യങ്ങൾ കൈകാര്യം ചെയ്യരുത്. ബാർ കംഴകോണവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഞങ്ങളുടെ മൂന്നു ചോദ്യങ്ങളും ഇന്ന് അനുവദിക്കാത്തത് എന്തുകൊണ്ടാണെന്ന് ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് നൽകണം.

മി. സ്പീക്കർ : ബഹുമാനപ്പെട്ട എ. കെ. ബാലൻ, അങ്ങ് എഴുതിത്തന്നിട്ടുണ്ട്. സീറോ അവറിൽ ഇതുസംബന്ധിച്ചുള്ള റൂളിംഗ് നൽകുന്നതാണ്.

ശ്രീ. കെ. ബാബു : കേന്ദ്ര സർക്കാരിന്റെ പാരിസ്ഥിതികാനുമതിക്കുശേഷം കേന്ദ്ര ഗവൺമെന്റിന്റെ VGF ലഭ്യമാകുന്ന തരത്തിൽ പി.പി.പി. ഘടകങ്ങൾ വർദ്ധിപ്പിച്ച് 2013-ൽ ടെണ്ടർ വിളിച്ചു.

വിഴിഞ്ഞം ഉറമുഖ പദ്ധതിക്ക് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം 2014 ജനുവരി 3-ാം തീയതി പാരിസ്ഥിതികാനുമതി നൽകി. VGF സംബന്ധിച്ച കേന്ദ്ര ധനകാര്യമന്ത്രാലയത്തിന്റെ അനുമതി 2015 ഫെബ്രുവരി 3-ാം തീയതി ലഭ്യമായി.

പദ്ധതിക്കാവശ്യമായ ആകെ 229.10 ഏക്കറിൽ 206.84 ഏക്കർ ഭൂമി ഏറ്റെടുക്കുകയും പദ്ധതിക്കാവശ്യമായ ജലം എത്തിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുകയും ചെയ്തു. നിർമ്മാണ ഘട്ടത്തിലേയ്ക്കാവശ്യമായ 5 MW വൈദ്യുതി വിഴിഞ്ഞം ഉറമുഖ പദ്ധതി പ്രദേശത്ത് ലഭ്യമാക്കി. പദ്ധതിയുടെ പ്രവർത്തന ഘട്ടത്തിൽ ആവശ്യമായ വൈദ്യുതി എത്തിക്കുന്നതിനുള്ള 220 KV വൈദ്യുതി ലൈനിന്റെ നിർമ്മാണം പുരോഗമിക്കുന്നു. റെയിൽവെ ലൈൻ എത്തിക്കുന്നതിനുവേണ്ടി റെയിൽ വികാസ് നിഗം ലിമിറ്റഡ് മുഖാന്തിരം DPR (Detailed Project Report) തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

മി. സ്പീക്കർ : യെസ്..... (ബഹളം)..... (ബഹളം) ബഹുമാനപ്പെട്ട മിനിസ്റ്റർ മറുപടി പറയട്ടെ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ബാബു : സർ, കേന്ദ്ര ഗവൺമെന്റിന്റെ മാനദണ്ഡങ്ങളനുസരിച്ച് വളരെ സുതാര്യമായി ആഗോളതലത്തിൽ നടത്തിയ ഈ മത്സരാധിഷ്ഠിത ടെണ്ടറിൽ അഞ്ചു കമ്പനികൾ യോഗ്യത നേടുകയും ഇതിൽനിന്നും മൂന്നു കമ്പനികൾ ടെണ്ടർ ഡോക്യുമെന്റ് വാങ്ങുകയും ചെയ്തുവെങ്കിലും Ms. Adani Ports & Special Economic Zone ലിമിറ്റഡ് മാത്രമാണ് Price Bid സമർപ്പിച്ചിട്ടുള്ളത്. ഈ ബിഡ് സ്വീകരിക്കുവാൻ ചീഫ് സെക്രട്ടറി അധ്യക്ഷനായ ഉന്നതാധികാര സമിതിയും വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനിയുടെ ഡയറക്ടർ ബോർഡും ശുപാർശ ചെയ്തുവെങ്കിലും തീരുമാനം ഒരു സർവ്വകക്ഷിയോഗത്തിനുശേഷം എടുത്താൽ മതിയെന്ന് മേയ് 20-ന് കൂടിയ മന്ത്രിസഭായോഗം തീരുമാനിക്കുകയുണ്ടായി.

മി. സ്പീക്കർ : (ബഹളം) .....ബഹുമാനപ്പെട്ട അംഗങ്ങൾ.....ഇത് ചോദ്യോത്തര സമയമാണ്. ദയവായി എല്ലാപേരും സഹകരിക്കണം. എല്ലാ അംഗങ്ങളും ഇരിക്കണം. പ്ലീസ്...പ്ലീസ്.....

ശ്രീ. കെ. ബാബു : അതിൻപ്രകാരം 2015 ജൂൺ മാസം 3-ാം തീയതി സർവ്വകക്ഷിയോഗം വിളിക്കുകയുണ്ടായി. സർവ്വകക്ഷിയോഗത്തിൽ ചില കക്ഷി നേതാക്കൾ ഇപ്പോഴത്തെ ടെണ്ടർ വ്യവസ്ഥകളെപ്പറ്റി സംശയങ്ങൾ പ്രകടിപ്പിക്കുകയും അതിന് സർക്കാർ വ്യക്തമായ മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതി ഇപ്പോഴത്തെ ടെണ്ടർ പ്രകാരം നടപ്പിലാക്കുന്നതിനോട് പ്രതിപക്ഷ നേതാവ് യോഗത്തിൽ എതിർപ്പ് പ്രകടിപ്പിച്ചു. പ്രസ്തുത യോഗത്തിൽ വിഴിഞ്ഞം തുറമുഖത്തിന്റെ ടെണ്ടർ നടപടികൾ വളരെ സുതാര്യമായും സംസ്ഥാന താത്പര്യങ്ങൾ സംരക്ഷിച്ചും നടത്തുമെന്ന് മുഖ്യമന്ത്രി ഉറപ്പ് നൽകി.

വിഴിഞ്ഞം തുറമുഖ പദ്ധതി-പി.പി.പി. മോഡൽ

2(*16) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. എം. ഹംസ :
ശ്രീ. ടി. വി. രാജേഷ് :
ശ്രീ. ബി. സത്യൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സർക്കാർ ഉടമസ്ഥതയിൽ ലാൻഡ് ലോർഡ് പോർട്ട് മോഡലിൽ വിഴിഞ്ഞം തുറമുഖ പദ്ധതി വികസിപ്പിക്കുന്നതിന് തയ്യാറാകാതെ പി.പി.പി. മോഡലിലേയ്ക്ക് മാറിയതിന്റെ കാരണം വെളിപ്പെടുത്താമോ ;

(ബി) സർക്കാർ ഉടമസ്ഥതയിൽ തുറമുഖ നിർമ്മാണത്തിനാവശ്യമായ തുക പൊതുമേഖലാ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുക്കാൻ കഴിയുമോ ; അതിനായി മുൻ സർക്കാർ നടത്തിയിരുന്ന ശ്രമങ്ങൾ വിശദമാക്കുമോ ;

(സി) പി.പി.പി. മോഡൽ സ്വീകരിക്കാനിടയായ സാഹചര്യം എന്തായിരുന്നു ; ഇപ്പോൾ സ്വീകരിച്ച നിലപാട് സംസ്ഥാനത്തിന്റെ താൽപ്പര്യത്തിന് അനുകൂലമാണോ എങ്കിൽ എങ്ങനെയാണെന്ന് വെളിപ്പെടുത്താമോ ;